# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 25**

---

### ടെക്നിക്കൽ അസിസ്റ്റന്റ്; വാക്-ഇൻ ഇന്റർവ്യു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസസ് (ഐ.ഐ.ആർ.ബി.എസ്) ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് കരാർ നിയമനത്തിനുള്ള വാക്ക്-ഇൻ ഇന്റർവ്യു സെപ്റ്റംബർ 29ന് രാവിലെ 11ന് വൈസ് ചാൻസലറുടെ കാര്യാലയത്തിൽ നടക്കും.

ഓപ്പൺ വിഭാഗത്തിലെ ഒഴിവിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. പ്രതിമാസ വേതനം 25000 രൂപ. പ്രായപരിധി 2023 ജനുവരി ഒന്നിന് 45 വയസ് കവിയരുത്.

ഫിസിക്സ്, കെമിസ്ട്രി, ബയോളജി, അല്ലെങ്കിൽ തതുല്യ വിഷയത്തിൽ കുറഞ്ഞത് 60 ശതമാനം മാർക്കോടെയുള്ള എം.എസ്.സി ബിരുദവും സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഉപകരണങ്ങൾ കൈകാര്യം ചെയ്തുള്ള പരിചയവും ആണ് അടിസ്ഥാനയോഗ്യത.

താൽപര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച് പ്രായം, ജാതി, യോഗ്യത, പ്രവൃത്തിപരിചയം എന്നിവയുടെ അസൽ രേഖകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം 29ന് രാവിലെ 10.30ന് സർവകലാശാലാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എഡി.എ 7 സെക്ഷനിൽ ഹാജരാകണം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1153/2023)

### സിവിൽ സർവീസ് പരീക്ഷ;എം.ജി. സർവകലാശാലയിൽ ക്രാഷ് കോഴ്സ്

അടുത്ത വർഷം മെയ് മാസത്തിൽ നടക്കുന്ന യു.പി.എസ്.സി സിവിൽ

സർവീസ് പ്രിലിമിനിറി പരീക്ഷയ്ക്കായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന ആറു മാസത്തെ തീവ്ര പരിശീലന പരിപാടിക്ക് ഇപ്പോൾ അപേക്ഷിക്കാം.

പ്രിലിമിനറിക്ക് പ്രാധാന്യമുള്ള പ്രധാന വിഷയങ്ങൾ മുൻനിർത്തി 300 മണിക്കൂർ കോൺടാക്ട് ക്ലാസും 20 പരീക്ഷകളും അവയുടെ ആൻസർ കീ ഡിസ്കഷൻ ക്ലാസും ഉൾപ്പെടുന്നതാണ് കോഴ്സ്.

ഡിഗ്രി വിജയിച്ചവർക്കാണ് അവസരം. പ്രായപരിധി 2024 ജനുവരി ഒന്നിന് 20നും 30നും മധ്യേ. സംവരണ വിഭാഗങ്ങളിൽ പെട്ടവർക്ക് പ്രായപരിധിയിൽ ഇളവുണ്ട്. ആകെ 30 സീറ്റുകളാണുള്ളത്.

താൽപര്യമുള്ള വിദ്യാർഥികൾ ഒക്ടോബർ 25ന് മുൻപ് സർവകലാശാലാ കാമ്പസിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിക്കണം. അപേക്ഷാ ഫോറം സർവകലാശാലാ വെബ് സൈറ്റിലും ഇൻസ്റ്റിറ്റ്യൂട്ടിലും ലഭിക്കും.

കോഴ്സ് ഫീസ് 20000 രൂപ. എസ്.സി., എസ്.ടി വിദ്യാർഥികൾക്ക് 10000 രൂപ.

ഫോൺ: 9188374553, ഇ മെയിൽ:civilserviceinstitute@mgu.ac.in.

(പി.ആർ.ഒ/39/1154/2023)

## <u>സ്പോട്ട് അഡ്മിഷൻ</u>

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇൻറർസ്കൂൾ സെൻററായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറഗ്രേറ്റഡ് പ്രോഗ്രാംസ് ആൻറ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ(ഐ.ഐ.ആർ.ബി.എസ്) അഞ്ചു വർഷ ഇൻറഗ്രേറ്റഡ് എം.എസ്.സി പ്രോഗ്രാമുകളുടെ 2023-2028 ബാച്ചിൽ ഒഴിവുള്ള സീറ്റുകളിലേക്ക് നാളെ(സെപ്റ്റംബർ 27) സ്പോട്ട് അഡ്മിഷൻ നടത്തും.

ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ള സയൻസ് മുഖ്യവിഷയമായി പഠിച്ച് പ്ലസ് ടൂ യോഗ്യത നേടിയവർക്കാണ് അവസരം.

എസ്.എസ്.എൽ.സി, പ്ലസ് ടു യോഗ്യതാ സർട്ടിഫിക്കറ്റുകൾ, സ്വഭാവ സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന രേഖകൾ എന്നിവ സഹിതം രാവിലെ 10.30ന് സർവ്വകലാശാല കാമ്പസിലുള്ള ഐ.ഐ.ആർ.ബി.എസിൽ ഹാജരാകണം.

കൂടുതൽ വിവരങ്ങൾ 9567544740 എന്ന ഫോൺ നമ്പരിൽ ലഭിക്കും. ഇ-മെയിൽ:iirbs@mgu.ac.in

(പി.ആർ.ഒ/39/1155/2023)

## പ്രാക്ടിക്കൽ

ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് ബ്രോഡ് കാസ്റ്റിംഗ് ആൻറ് ജേണലിസം(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 29ന് അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.............................

നാലാം സെമസ്റ്റർ ബി.എ കഥകളി വേഷം(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ -മെയ് 2023) പരീക്ഷയുടെ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ സെപ്റ്റംബർ 25, 26 തീയതികളിൽ നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രം ഒക്ടോബർ 12,13 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.............................

രണ്ടാം സെമസ്റ്റർ ബി.എസ്.സി ബോട്ടണി മോഡൽ 1,2,3 - കോർ, കോംപ്ലിമെൻററി(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2021 അഡ്മിഷൻ റീഅപ്പിയറൻസ് - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 29 മുതൽ വിവിധ കോളജുകളിൽ നടക്കും. വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1156/2023)

## പരീക്ഷാഫലം

കഴിഞ്ഞ വർഷം ഓഗസ്റ്റിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ ഇക്കണോമിക്സ്(20162018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014-2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് - മാർച്ച്/ഏപ്രിൽ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 2015-2018 അഡ്മിഷൻ വിദ്യാർഥികൾക്ക് ഫീസ് അടച്ച് ഓൺലൈനായും 2014 അഡ്മിഷൻ വിദ്യാർഥികൾക്ക് നേരിട്ട് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും ഒക്ടോബർ 10 വരെ അപേക്ഷ നൽകാം.

.......................

കഴിഞ്ഞ വർഷം ഓഗസ്റ്റിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ്

രജിസ്ട്രേഷൻ എം.കോം(20142015 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2016-2018 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച്/ഏപ്രിൽ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 2015-2018 അഡ്മിഷൻ വിദ്യാർഥികൾക്ക് ഫീസ് അടച്ച് ഓൺലൈനിലും 2014 അഡ്മിഷൻ വിദ്യാർഥികൾ നേരിട്ട് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും ഒക്ടോബർ അഞ്ചു വരെ അപേക്ഷ നൽകാം.

.......................

കഴിഞ്ഞ ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ ഐ.എം.സി.എ(2019 അഡ്മിഷൻ റഗുലർ, 2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി), ഡി.ഡി.എം.സി.എ(2014-2016 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ എട്ടു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

.......................

നാലാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് ബ്രാഞ്ച് 10(എ) ചൈൽഡ് ഡെവലപ്മെൻറ്, ബ്രാഞ്ച് 10(ഡി) ഫാമിലി ആൻറ് കമ്മ്യൂണിറ്റി സയൻസ് - ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ഒക്ടോബർ ആറു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1157/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**